# 'ഇസ്‌ലാം സമാധാനത്തിന്'

ശാന്തിയെന്ന് അർഥം വരുന്ന 'സിൽമ്' എന്ന ധാതുവിൽ നിന്ന് നിഷ്പന്നമായ 'ഇസ്‌ലാം' എന്ന പദത്തിന്റെ സാരം സമർപ്പണമെന്നാണ്. നമ്മെ പടച്ച് പരിപാലിച്ചുകൊണ്ടിരിക്കുന്നവന് സ്വന്തം ജീവിതത്തെ സമർപ്പിച്ചുകൊണ്ട് ശാന്തിയും സമാധാനവും നേടെയെടുക്കുവാനാണ് ഇസ്‌ലാം മനുഷ്യരോട് ആഹ്വാനം ചെയ്യുന്നത്. പരമകാരുണികന്റെ വിധിവിലക്കുകൾ പാലിച്ചുകൊണ്ട് വ്യക്തിജീവിതത്തെയും കുടുംബാന്തരീക്ഷത്തെയും സാമൂഹിക സംവിധാനങ്ങളെയുമെല്ലാം എങ്ങനെ സമാധാന സംതൃപ്തമാക്കാമെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നുണ്ട്. ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങളായ ഖുർആനും മുഹമ്മദ് നബി(സ)യുടെ ചര്യകളും വരച്ചുകൊണിക്കുന്ന സമാധാന ജീവിതത്തിലേക്കുള്ള ഏതാനും മാർഗ നിർദേശങ്ങൾ ശ്രദ്ധിക്കുക.

1. ദൈവബോധം വഴിയാണ് മനസ്സുകൾ സമാധാനമടയുക: 13:28

2. സ്രഷ്ടാവിനെ മാത്രം ആരാധിക്കുക, ശാന്തമായ ജീവിതത്തിന്: 2:21, 22

3. സൃഷ്ടിപൂജ, മനഃശാന്തി തകർക്കും: 22:31

4. പരമകാരുണികനോട് മാപ്പിരക്കുക, പാപികൾക്ക് അവൻ പൊറുത്തുകൊടുക്കും: 39:53

5. സർവശക്തനിൽ ഭരമേൽപിക്കുക, സമാധാനത്തോടെ ജീവിക്കുക: 65:2,3

6. പരീക്ഷണങ്ങളിൽ ക്ഷമിക്കുക, സമാധാനമുണ്ടാവും!: 2:155-157

7. അലങ്കാരവസ്ത്രങ്ങൾ ധരിക്കുക, തിന്നുക, കുടിക്കുക, ദുർവ്യയം പാടില്ല: 7:31

8. ലഹരി, ലോട്ടറി, ശാന്തി തകർക്കും - പാടില്ല: 5:90

9. വ്യഭിചാരത്തിൽ നിന്ന് അകന്നു നിൽക്കുക: 17:32

10. അഹങ്കരിക്കരുത്: 17:37

11. സൽസ്വഭാവികളാവുക!

"നീ എവിടെയായിരുന്നാലും അല്ലാഹുവെ സൂക്കുക. തിന്മയെ നന്മകൊണ്ട് തടുക്കുക. അത് തിന്മയെ മായ്ച്ചുകളയും. ജനങ്ങളോട് ഉത്തമ സ്വഭാവത്തോടെ വർത്തിക്കുക. എന്നിങ്ങനെ നബി(സ) പറഞ്ഞതായി അബൂദർറ്, മുആദുബ്നു ജബൽ(റ) തുടങ്ങിയവരിൽ നിന്ന് നിവേദനം." (തിർമിദി)

"അബൂദ്ദർദാഉൽ(റ) നിന്ന് നിവേദനം. നബി(സ) അറിയിച്ചിരിക്കുന്നു: അന്ത്യദിനത്തിൽ സത്യവിശ്വാസിയുടെ തുലാസിൽ സൽസ്വഭാവത്തെക്കാൾ ഘനം തൂങ്ങുന്ന മറ്റൊന്നില്ല. നിശ്ചയം, അശ്ലീലവും പുലഭ്യവും പറയുന്നവരെ അല്ലാഹു വെറുക്കുന്നു." (തിർമിദി)

''സൽസ്വഭാവം കാരണമായി സത്യവിശ്വാസിക്ക് നിന്നുനമസ്കരിക്കുന്നവന്റെയും നോമ്പനുഷ്ഠിക്കുന്നവന്റെയും പദവി ലഭിക്കുമെന്ന് നബി(സ) അറിയിച്ചതായി ആയിശ(റ)യിൽ നിന്ന് നിവേദനം." (അബൂദാവൂദ്)

12. വിട്ടുവീഴ്ച ചെയ്യുക: 3:134

13. കള്ളം പറയാതിരിക്കുക.

"അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം. നബി(സ) അറിയിക്കുന്നു. കപടവിശ്വാസിയുടെ അടയാളങ്ങൾ മൂന്നാണ്- സംസാരിച്ചാൽ കളവു പറയുക. വാഗ്ദത്തം ചെയ്താൽ ലംഘിക്കുക, വിശ്വസിച്ചാൽ ചതിക്കുക." (ബുഖാരി, മുസ്‌ലിം)

"അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം. നബി(സ) അറിയിക്കുന്നു: കേൾക്കുന്നതെല്ലാം ഉദ്ധരിക്കുന്നതു തന്നെ മനുഷ്യനെ സംബന്ധിച്ചിടത്തോളം കള്ളമായിത്തീരാൻ ധാരാളം മതി." (മുസ്‌ലിം)

"പ്രവാചകൻ പറയുന്നു: ആളുകളെ ചിരിപ്പിക്കാനായി സംസാരിച്ച് കള്ളം പറയുന്നവന് നാശം! അവന് നാശം! അവന് നാശം! " (തിർമിദി)

14. ഇണകളോട് നല്ലനിലയിൽ പെരുമാറുക, വീട്ടിൽ സമാധാനമുണ്ടാവും: 4:19

"അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം. നബി(സ) നിർദേശിച്ചിരിക്കുന്നു: നിങ്ങൾ സ്ത്രീകളോട് നല്ലനിലയിൽ പെരുമാറണമെന്ന ഉപദേശം സ്വീകരിക്കുക. വാരിയെല്ലുകൊണ്ടാണ് അവൾ സൃഷ്ടിക്കപ്പെട്ടത്. ഏറ്റവും വളവുള്ള വാരിയെല്ല് മുകളിലേതാണ്. നീ അത് നിവർത്താൻ ശ്രമിച്ചാൽ അത് പൊട്ടിച്ചുളയലായിരിക്കും ഫലം. ഒന്നും ചെയ്യാതെ വിട്ടാൽ പ്രകൃത്യാ ഉള്ള വക്രത തുടരുകയും ചെയ്യും. അതിനാൽ സ്ത്രീകളോട് നല്ല നിലയിൽ പെരുമാറാനുള്ള ഉപപദേശം സ്വീകരിക്കേണ്ടതാണ്." (ബുഖാരി, മുസ്‌ലിം)

"അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം. നബി(സ) നിർദേശിച്ചിരിക്കുന്നു: ഒരു സത്യവിശ്വാസിയും വിശ്വാസിനിയെ വെറുക്കരുത്. അഥവാ അവളുടെ ഒരു സ്വഭാവം അനിഷ്ടകരമായി തോന്നിയാൽ മറ്റൊന്ന് ആനന്ദദായകമായിരിക്കും," (മുസ്‌ലിം)

15. ഇണകളുടെ അവകാശങ്ങൾ നൽകുക; കുടുംബത്തിൽ ശാന്തിയുണ്ടാവും: 2:228

"നബി(സ) പറഞ്ഞു: അറിയുക! നിങ്ങൾക്ക് സ്ത്രീകളിൽ ചില അവകാശങ്ങളുണ്ട്. നിങ്ങളുടെ ഭാര്യമാർക്ക് നിങ്ങളിലും ചില അവകാശങ്ങളുണ്ട്. നിങ്ങൾക്ക് ഇഷ്ടമില്ലാത്തവരെ നിങ്ങളുടെ വിരിപ്പിൽ ഇരുത്താതിരിക്കുക, നിങ്ങൾ വെറുക്കുന്നവരെ വീട്ടിൽ പ്രവേശിപ്പിക്കാതിരിക്കുക തുടങ്ങിയവയാണ് അവർക്ക് നിങ്ങളോടുള്ള

ബാധ്യതകൾ. നല്ല നിലയിൽ അവർക്ക് ആഹാരവും വസ്ത്രവും നൽകലാണ് നിങ്ങൾക്ക് അവരോടുള്ള ബാധ്യത." (തിർമിദി)

16. മക്കൾക്ക് സ്നേഹം നൽകുക, നല്ല നിലയിൽ വളർത്തുക.

"നിങ്ങൾ കുട്ടികളെ സ്നേഹിക്കുകയും അവരോട് കരുണ കാണിക്കുകയും ചെയ്യുക. നിങ്ങൾ അവരോട് കരാർ ചെയ്താൽ പാലിക്കുക. നിങ്ങൾ അവർക്ക് ആഹാരം നൽകുന്നുവെന്നതല്ലാതെ മറ്റൊന്നും മനസ്സിലാക്കാൻ അവർക്ക് സാധ്യമല്ല." (ത്വഹാവി)

"നുഅ്മാനുബ്നു ബശീറി(റ)ൽ നിന്ന് നിവേദനം. അദ്ദേഹത്തിന്റെ പിതാവ് അദ്ദേഹത്തെയും കൊണ്ട് നബി(സ)യുടെ അടുത്ത് വന്ന് പറഞ്ഞു: ഞാൻ എന്റെ ഈ മകന് ഒരടിമയെ ഇഷ്ടദാനമായി നൽകിയിരിക്കുന്നു. അപ്പോൾ പ്രവാചകൻ(സ) ചോദിച്ചു: താങ്കളുടെ എല്ലാ മക്കൾക്കും ഇതുപോലെ കൊടുത്തിട്ടുണ്ടോ? ഇല്ലെന്ന് അദ്ദേഹം മറുപടി പറഞ്ഞപ്പോൾ അവിടന്ന് ആജ്ഞാപിച്ചു: എങ്കിൽ താങ്കളത് തിരിച്ചുവാങ്ങുക." (ബുഖാരി)

17. മാതാപിതാക്കളോട് കാരുണ്യത്തോടെ പെരുമാറുക: 17:23,24

18. കുടുംബബന്ധം പാലിക്കുക: 4:1, 13:21

19. അയൽവാസികളെ ആദരിക്കുക, ഗുണകാംക്ഷികളാവുക.

"ജിബ്രീൽ എന്നോട്- അയൽവാസിയെ സംബന്ധിച്ച്- ഉപദേശിച്ച്കൊണ്ടിരിക്കുന്നു: എന്റെ സ്വത്തിൽ അനന്തരമായെടുക്കുമോ എന്ന് എനിക്ക് തോന്നുവോളം" (ബുഖാരി, മുസ്ലിം)

"അബൂദർറ്, നീ ഒരു കറി പാകം ചെയ്താൽ അതിന്റെ ചാറ് അധികരിപ്പിക്കുകയും അയൽവാസിയെ പരിഗണിക്കുകയും ചെയ്യുക." (മുസ്ലിം)

"തന്റെ ദ്രോഹത്തിൽനിന്നും അയൽവാസി നിർഭയനാകാത്തവൻ സ്വർഗത്തിൽ പ്രവേശിക്കില്ല." (മുസ്ലിം)

"ആർ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവോ അവൻ തന്റെ അയൽവാസിയോട് നന്നായി പെരുമാറട്ടെ" (മുസ്ലിം)

20. കച്ചവടം ചെയ്യാം; പലിശ പാടില്ല: 2:275

21. ആരെയും അക്രമിക്കരുത്: 16:90

22. അക്രമിയെ പിൻതിരിപ്പിക്കുക.

"മുഹമ്മദ് നബി(സ) പറഞ്ഞു: 'നിന്റെ സഹോദരൻ അക്രമിയായാലും അക്രമത്തിനിരയായാലും നീ അവനെ സഹായിക്കുക.' ഇത് കേട്ട ഒരാൾ ചോദിച്ചു: ദൈവദൂതരെ, അക്രമത്തിന് ഇരയാകുമ്പോൾ അവനെ സഹായിക്കാൻ എനിക്കറിയാം. എന്നാൽ അക്രമിയായാൽ എങ്ങനെയാണ് ഞാൻ അവനെ സഹായിക്കുക? നബി(സ) പ്രതിവചിച്ചു: അക്രമത്തിൽ നിന്ന് നീ അവനെ തടയണം. അങ്ങനെയാണ് നീ അവനെ സഹായിക്കേണ്ടത്." (ബുഖാരി, മുസ്ലിം)

23. മനുഷ്യരെല്ലാം ഒന്നാണ്; വർഗീയകയും വിഭാഗീയതയും പാടില്ല: 49:13

24. മതത്തിൽ നിർബന്ധമില്ല: 2:256

25. നല്ല നിലയിൽ എല്ലാവരെയും സത്യത്തിലേക്ക് ക്ഷണിക്കുക: 18:29; 88:21,22; 16:125

26. അമുസ്ലിംകളോട് നന്മ ചെയ്യുക; നീതിയിൽ വർത്തിക്കുക: 60:8,9

27. അമുസ്ലിംകളെ അക്രമിക്കരുത്; പീഢിപ്പിക്കരുത്.

"മുഹമ്മദ് നബി(സ) പറഞ്ഞു: സൂക്ഷിച്ചുകൊള്ളുക, അമുസ്ലിം പൗരന്മാരെ വല്ലവരും അടിച്ചമർത്തുകയോ അവരുടെമേൽ കഴിവിനതീതമായനികുതിഭാരം ചുമത്തുകയോ അവരോട് ക്രൂരമായി പെരുമാറുകയോ അവരുടെ അവകാശങ്ങൾ വെട്ടിക്കുറക്കുകയോ ചെയ്യുകയാണെങ്കിൽ അന്ത്യനാളിൽ അവർക്കെതിരെ ഞാൻ സ്വയംതന്നെ പരാതി ബോധിപ്പിക്കുന്നതാണ്. " (അബൂദാവൂദ്)

28. കൊലപാതകം അരുത്; ശാന്തി തകർക്കരുത്: 17:33

29. മറ്റുള്ളവരുടെ ജീവൻ രക്ഷിക്കുക; നശിപ്പിക്കരുത്: 5:32

30. യുദ്ധം അനീതികളാൽ പൊറുതിമുട്ടുമ്പോൾ മാത്രം: 22:39,40

31. യുദ്ധം ഇങ്ങോട്ട് യുദ്ധം ചെയ്യുന്നവരുമായിട്ട്: 2:190

32. അക്രമം നിർത്തിയാൽ പിന്നെ യുദ്ധമില്ല: 2:192,193

33. പീഢിതരുടെ മോചനത്തിനുവേണ്ടിയാണ് യുദ്ധം: 4:75,76

34. സമാധാനത്തിന് സന്നദ്ധരായാൽ സമാധാനം മാത്രം: 8:61

35. തിന്മയെ നന്മകൊണ്ട് തടയുക, സമൂഹത്തിൽ ശാന്തിയുണ്ടാവും: 41:34

36. മാപ്പു നൽകുക: 42:39-43

37. അല്ലാഹു ക്ഷണിക്കുന്നു, ശാന്തിയുടെ ഭവനത്തിലേക്ക്: 10:25

**കേരള നദ്‌വത്തുൽ മുജാഹിദീൻ**
**മുജാഹിദ് സെന്റർ, സിഡി ടവർ, കോഴിക്കോട്**